"ഭരണഭാഷ -മാതൃഭാഷ"

വനിതാ ശിശുവികസന വകുപ്പ്
ജില്ലാ വനിതാ ശിശുവികസന ഓഫീസ്
സിവിൽ സ്റ്റേഷൻ, ബി 2 ബ്ലോക്ക് മലപ്പുറം - 676505
ഫോൺ: 0483 2950084, ഇ-മെയിൽ: dwcdompm@gmail.com

---

നമ്പർ: DWCDO/MPM/D-588/25 തീയ്യതി: 20.02.2025

ജില്ലാ വനിതാ ശിശുവികസന ഓഫീസർ
മലപ്പുറം

എല്ലാ കോളേജ് പ്രിൻസിപ്പൽമാർക്കും
മലപ്പുറം

സർ,

വിഷയം : വനിതാ ശിശുവികസന വകുപ്പ് - 2024-25 കോളേജ് വിദ്യാർത്ഥികൾക്കുള്ള ഷോർട്ട് ഫിലിം മത്സരം സംബ:

സൂചന : വനിത ശിശുവികസന ഡയറക്ടറുടെ 17/02/2025 തീയ്യതിയിലെ DWCD/1071/2025-WEC2 നമ്പർ ഉത്തരവ്

---

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ, ലിംഗ വിവേചനം തുടങ്ങിയവ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അതിക്രമങ്ങളെ ചെറുക്കുന്നതിനും, ലിംഗ വിവേചനം അവസാനിപ്പിക്കുന്നതിനും വ്യാപകമായി സമൂഹത്തെ ബോധവൽക്കരിക്കേണ്ടതുണ്ട്. അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് ജില്ലയിലെ കോളേജ് വിദ്യാർത്ഥികളുടെ ഇടയിൽ ലിംഗ സമത്വം, സ്ത്രീ ശാക്തീകരണം, "മാറ്റങ്ങൾ യുവതയിൽ നിന്നും" എന്ന വിഷയത്തെ ആസ്പദമാക്കി ഷോർട്ട് ഫിലിം മത്സരം സംഘടിപ്പിക്കുന്നു. മത്സരത്തിനായുള്ള എൻട്രികൾ, ഷോർട്ട് ഫിലിമിന്റെ പേര്, കോളേജിന്റെ പേര്, അംഗങ്ങളുടെ പേര്, ഫോൺ നമ്പർ, ഇമെയിൽ വിലാസം എന്നിവ അടക്കം wcdfilmcompetetion2025@gmail.com ഇ-മെയിൽ വിലാസത്തിലേക്ക് 02-03-2025 ന് മുമ്പായി ലഭ്യമാക്കേണ്ടതാണ്. മത്സരം നടത്തിപ്പ് സംബന്ധിച്ച നിയമാവലി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. വിജയികൾക്ക് 2025 മാർച്ച് 8 വനിതാ ദിനാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന സംസ്ഥാന തല പരിപാടിയിൽ സമ്മാനം ലഭിക്കുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ജില്ലാ വനിതാ ശിശുവികസന ഓഫീസർ
മലപ്പുറം

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/1071/2025-WEC2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 17-02-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

## പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്- വനിതാ ദിനം 2024-25- സ്ത്രീ ശാക്തീകരണം വിഷയമാക്കി കോളേജ് വിദ്യാർത്ഥികൾക്കായുള്ള ഷോർട്ട് ഫിലിം മത്സരം -സംബന്ധിച്ച്:-

സൂചന:-

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ, ലിംഗ വിവേചനം തുടങ്ങിയവ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ അതിക്രമങ്ങളെ ചെറുക്കുന്നതിനും, ലിംഗ വിവേചനം അവസാനിപ്പിക്കുന്നതിനുമായി വ്യാപകമായി ജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്. "മാറ്റങ്ങൾ യുവതയിൽ നിന്ന്" എന്നത് അടിസ്ഥാനമാക്കി കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ലിംഗസമത്വം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മുൻ വർഷങ്ങളിലേതിന് സമാനമായി 2024-25 വർഷവും കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ഷോർട്ട് ഫിലിം മത്സരം സംഘടിപ്പിക്കുന്നു. ടി മത്സരം നടത്തിപ്പ് സംബന്ധിച്ച് നിയമാവലി ചുവടെ ചേർക്കുന്നു.

- ഷോർട്ട് ഫിലിം മത്സരങ്ങളിൽ സംസ്ഥാനത്തെ കോളേജുകളിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്ക് പങ്കെടുക്കാവുന്നതാണ്.
- സ്ത്രീ ശാക്തീകരണം എന്ന വിഷയത്തെ ആസ്പദമാക്കിയാണ് മത്സരം സംഘടിപ്പിക്കുന്നത്.
- ഷോർട്ട് ഫിലിമിലെ അഭിനേതാക്കൾ അടക്കം മുഴുവൻ അംഗങ്ങളും കോളേജ് വിദ്യാർത്ഥികൾ ആയിരിക്കണം.
- ഷോർട്ട് ഫിലിം മത്സരത്തിനായി 02/03/2025 വരെ കിട്ടുന്ന എൻട്രികൾ പരിഗണിക്കുന്നതാണ്
- മത്സരത്തിനായുള്ള ഷോർട്ട് ഫിലിമിന്റെ പരമാവധി ദൈർഘ്യം 5 മിനിട്ട്.
- മത്സരത്തിനായുള്ള എൻട്രികൾ, ഷോർട്ട് ഫിലിമിന്റെ പേര്, കോളേജിന്റെ പേര്, അംഗങ്ങളുടെ പേര്, ഫോൺ നമ്പർ, ഇമെയിൽ വിലാസം എന്നിവ അടക്കം wcdfilmcompetetion2025@gmail.com എന്ന ഇമെയിൽ വിലാസത്തിലേയ്ക്ക് അയച്ചു തരേണ്ടതാണ്.
- മത്സര വിജയികൾക്ക് ഒന്നാം സമ്മാനമായി 50,000/- രൂപ, രണ്ടാം സമ്മാനമായി 25000/- രൂപ, മൂന്നാം സമ്മാനമായി 15000/- രൂപ എന്ന വിധത്തിൽ നൽകുന്നതാണ്.
- മത്സരത്തിന്റെ വിധി അന്തിമമായിരിക്കും.
- വിജയികൾക്ക് 2025 മാർച്ച് 8 ലെ വനിതാ ദിനാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന സംസ്ഥാനതല പരിപാടിയിൽ വച്ച് സമ്മാനദാനം നടത്തുന്നതാണ്.

for വനിത ശിശു വികസന ഡയറക്ടർ

Scanned with CamScanner

Scanned with CamScanner